വിതരണം ചെയ്തുവരുന്നു. ഒരു പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ എന്ന ലക്ഷ്യം വച്ചുകൊണ്ട് ആദ്യഘട്ടമായി 126 പുതിയ മാവേലി സ്റ്റോറുകൾ തുറക്കുവാൻ തീരുമാനിക്കുകയും അവയിൽ 101 എണ്ണം തുറന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ന്യായവിലയ്ക്ക് മരുന്നുകൾ വിതരണം ചെയ്യുന്നതിനുവേണ്ടി മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. ഒരു താലൂക്കിൽ ഒരു മാവേലി മെഡിക്കൽ സ്റ്റോർ എന്നതാണ് ലക്ഷ്യം. ഇതുവരെയായി 17 മാവേലി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങിയിട്ടുണ്ട്. പൊതു വിപണിയിലേതിനെക്കാൾ 6% മുതൽ 20% വരെ വിലക്കുറവിലാണ് ഇവിടെ മരുന്നുകൾ വിൽക്കുന്നത്. ശബരി മാവേലി ബ്രാൻഡ് ഇനങ്ങളിൽ തേയിലയും, കാപ്പിയും കൂടാതെ മട്ട അരി, കറിപൗഡറുകൾ, ഉപ്പ്, വാഷിംഗ് സോപ്പ്, ഡിറ്റർജന്റ് പൗഡറുകൾ, നോട്ടുബുക്കുകൾ എന്നിവ വിതരണം ചെയ്യുന്നുണ്ട്. ഒരു മാസം ഏകദേശം 2000 ടണ്ണോളം ഗോതമ്പ് ആട്ടയായി ഒരു കിലോ പാക്കറ്റിൽ പായ്ക്ക് ചെയ്ത് 'പി.ഡി.എസ്. ആട്ട' എന്ന പേരിൽ റേഷൻ കടകൾ വഴിയും മാവേലി സ്റ്റോറുകൾ വഴിയും വിതരണം ചെയ്യുന്നുണ്ട്. വറ്റൽ മുളകിന്റെ സംഭരണത്തിനായി കോർപ്പറേഷൻ ഒരു പുതിയ ശീതീകരണ യൂണിറ്റ് തുടങ്ങിയിട്ടുണ്ട്. കാർഷിക ഉല്പന്ന സംഭരണത്തിനായി ഇത്തരമൊരു സംരംഭം കേരളത്തിൽ ആദ്യമായാണ്. സ്കൂൾ കുട്ടികൾക്ക് ഓണം, ക്രിസ്തുമസ്, റംസാൻ എന്നീ ഉത്സവകാലങ്ങളിൽ 5 കിലോ അരി വീതം സൗജന്യമായി നൽകുന്നുണ്ട്. ഫുഡ് കോർപ്പറേഷൻ സംസ്ഥാനത്ത് നിർത്തലാക്കിയ 10 സബ് ഡിപ്പോകൾ കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുന്നുണ്ട്. 1998-99 വർഷത്തിൽ ഇതിൽ നിന്നും 110 കോടിയോളം രൂപ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്. ഡിപ്പോകളിൽ നിന്നും മാവേലി സ്റ്റോറുകളിലേയ്ക്കുള്ള ചരക്ക് നീക്കം സുഗമമായി നടത്തുന്നതിന് കേന്ദ്ര സഹായത്തോടു കൂടി 32 പുതിയ ട്രക്കുകൾ വാങ്ങിയിട്ടുണ്ട്. കൂടാതെ സൂപ്പർ മാർക്കറ്റുകളുടെ എണ്ണം 11-ൽ നിന്നും 18 ആയി ഉയർത്തി. വിൽപ്പന 1995-96-ൽ 7.37 കോടി രൂപയായിരുന്നത് 1998-99-ൽ 24.22 കോടി രൂപയായി ഉയർത്താൻ സാധിച്ചു. മാവേലി ഇതര സാധനങ്ങളുടെയും ശബരി തേയിലയുടെയും വിൽപ്പന ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

മറുനാടൻ മലയാളി സ്ത്രീകളുടെ ക്ഷേമം

21(*20) ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എം. എ. തോമസ് :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറുനാടൻ മലയാളി സ്ത്രീകളുടെ ക്ഷേമം മുൻനിർത്തി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്തുവരുന്ന മലയാളി സ്ത്രീകളേയും പ്രസ്തുത പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മറുനാടൻ മലയാളി സ്ത്രീകളുടെ ക്ഷേമത്തിനായുള്ള പദ്ധതി ഏത് ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) മറുനാടൻ മലയാളിക്ഷേമ പദ്ധതിയുടെ കീഴിൽ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്തുവരുന്ന നഴ്സുമാരേയും ഉൾപ്പെടുത്തുന്നതിന് ഉദ്ദേശമുണ്ടോ ;

(ഇ) നിർദ്ദിഷ്ട ക്ഷേമ പദ്ധതിയിൽ അംഗമാകാൻ ഓരോ അംഗവും അടയ്ക്കേണ്ട വിഹിതം എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) മറുനാടൻ മലയാളി സ്ത്രീക്ഷേമ പദ്ധതിയുടെ ആനുകൂല്യം ഏതൊക്കെ സാഹചര്യങ്ങളിലാണ് അംഗങ്ങൾക്ക് ബാധകമാക്കാൻ നിശ്ചയിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ജി) സ്വാഭാവിക മരണം സംഭവിക്കുന്ന വേളയിൽ പ്രസ്തുത ക്ഷേമ പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) വിദേശത്തു ജോലി ചെയ്യുന്ന മലയാളികളായ നഴ്സുമാർക്കുവേണ്ടി ഒരു സുരക്ഷാ ഇൻഷുറൻസ് പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് ഇൻഷുറൻസ് കമ്പനികളുമായി ചർച്ചകൾ നടന്നുവരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ തീരുമാനിച്ചു വരുന്നതേയുള്ളു.

(ബി) പരിഗണിക്കുന്നതാണ്.

(സി) യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ്, ന്യൂ ഇന്ത്യാ അഷ്വറൻസ് എന്നീ കമ്പനികൾ സർക്കാരിന് പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു.

(ഡി) പരിഗണിക്കുന്നതാണ്.

(ഇ&എഫ്) പദ്ധതിയുടെ വിശദാംശങ്ങൾക്ക് രൂപം കൊടുത്തുവരുന്നതേയുള്ളൂ.

(ജി) സ്വാഭാവിക മരണത്തിന് ആനുകൂല്യം നൽകുന്നതിന് നിയമ തടസ്സമുണ്ട്. എന്നാൽ സ്വാഭാവിക മരണം സംഭവിച്ചാലും മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ച് വരുന്നു.

കായിക-ആയുധ പരിശീലനം തടഞ്ഞുകൊണ്ടുള്ള നിർദ്ദേശം

22(*21) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. ബാബു :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly